പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .322 — 19.02.2013-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.അജിത്<br>,, ഇ.ചന്ദ്രശേഖരൻ<br>,, പി.തിലോത്തമൻ<br>,, ജി.എസ്.ജയലാൽ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തെല്ലാം മുൻകരുതലുകളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കടലിൽ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പിന്റെ FRP പട്രോൾ ബോട്ടുകൾ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. പട്രോൾ ബോട്ടുകളും ഫിഷറീസ് സ്റ്റേഷനുകളുമായി ബന്ധപ്പെടുത്തുന്നതിന് വൺ-ടു-വൺ വയർലെസ് കമ്മ്യൂണിക്കേഷൻ സിസ്റ്റവും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനു വേണ്ടിയുള്ള വാർത്താവിനിമയത്തിനു വേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോണുകളും നൽകിയിട്ടുണ്ട്. ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങളും ഫിഷറീസ് സ്റ്റേഷനുകളിൽ വാങ്ങി നൽകിയിട്ടുണ്ട്. വളരെ അടിയന്തിര സാഹചര്യങ്ങളിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ സേവനവും ലഭ്യമാക്കുന്നു. |
| (ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി- ഡോക്ടർമാർ ഉൾപ്പെടെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കടൽ ബോട്ട്-ആംബുലൻസ് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിൻമേൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നെന്ന് വ്യക്തമാക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 'Safety of Fishermen at Sea', (പദ്ധതി വിഹിതം 9.1 കോടി) എന്ന പദ്ധതി പ്രകാരം ജി.പി.എസ്, എക്കോസൗണ്ടർ, വാർത്താവിനിമയ ഉപകരണങ്ങൾ, ബീക്കൺ എന്നീ ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി ചെയ്തു വരുന്നു. |

2013-14 ലെ ബഡ്ജറ്റ് പ്രൊപ്പോസലിൽ മറൈൻ ആംബുലൻസ് സംവിധാനത്തിനുള്ള നിർദ്ദേശം പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഹൃദയാഘാതം പോലുള്ള അസുഖങ്ങൾ വരുമ്പോൾ കടലിൽ വച്ച് പ്രാഥമിക ചികിത്സ നൽകുവാനുള്ള സംവിധാനം പട്രോൾ ബോട്ടുകളിൽ ഇപ്പോൾ നിലവിലില്ല. കടലിലെ രക്ഷാപ്രവർത്തനങ്ങൾക്ക് വേണ്ടി 5 ഫിഷറീസ് സ്റ്റേഷനുകൾക്ക് മറൈൻ ആംബുലൻസ് വാങ്ങുന്നതിനായി 2013-14 ലെ ആന്വൽ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ